**പതിമൂന്നാംകേരള നിയമസഭ**

**ആറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3124** | **20.12.2012 - ൽ മറുപടിക്ക്**

## ദേശീയപാത നാലുവരിപാത ആക്കുന്നതിനുള്ള നടപടി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ഇ.ചന്ദ്രശേഖരൻ** | **ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) ദേശീയപാത നാലുവരിപ്പാതയാക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) ദേശീയപാത എൻ.എച്ച്.47 ഉം 17 ഉം നാലുവരിപാതയായി വികസിപ്പിക്കുന്ന പദ്ധതി എൻ.എച്ച്.ഡി.പി.യിൽ ഉൾപ്പെടുത്തി എൻ.എച്ച്.എ.ഐ. മുഖാന്തിരം നടപ്പിലാക്കി വരുന്നു. ദേശീയപാത 47 ന്റെയും 17 ന്റെയും സ്ഥലമെടുപ്പ് പുരോഗമിച്ചു വരുന്നു.<br><br>മറ്റ് ദേശീയപാതകളായ എൻ.എച്ച്.49 ഉം, 208 ഉം, 220 ഉം, 213 ഉം, 212 ഉം പി.പി.പി. മോഡിൽ ഡി.ബി.എഫ്.ഒ.റ്റി (ടോൾ) വ്യവസ്ഥ യിൽ എൻ.എച്ച്.ഡി.പി. ഫെയ്സ് IV.A.-യിൽ ഉൾപ്പെടുത്തി പേവ്ഡ് ഷോൾഡറോട് കൂടി 2 വരി പാതയായി വികസിപ്പിക്കുന്നതിനുള്ള പ്രാരംഭപഠനങ്ങൾ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ ചുമതലയിൽ നടന്നു വരികയാണ്. |
| (ബി) നാലുവരിപ്പാതയുടെ നിർദ്ദിഷ്ട വീതി എത്ര മീറ്ററായാണ് നിജപ്പെടുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | (ബി) 45 മീറ്റർ റൈറ്റ് ഓഫ് വേ വീതിയിലാണ് വികസിപ്പിക്കാനുദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | എവിടെയെങ്കിലും കുറഞ്ഞ വീതിയിൽ നാലു വരിപ്പാത നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (സി) & (ഡി) | ദേശീയപാത 47-ൽ കരമന മുതൽ കളിയിക്കാവിള വരെയുള്ള ഭാഗം സ്ഥലം ലഭ്യമല്ലാത്തതിനാൽ 30.20 മീറ്റർ വീതിയിൽ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് വികസിപ്പിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. |
| (ഡി) | എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ